പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2236 11.03.2020-ൽ മറുപടിക്ക്

# റിസ്ക് ഫണ്ട് അപേക്ഷകളിലെ കാലതാമസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സജി ചെറിയാൻ | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | മാരകരോഗത്തിന് അടിമയായിട്ടുള്ളവരും മരണമടഞ്ഞവരുമായ സഹകാരികളുടെ കടബാധ്യതയ്ക്ക് സമാശ്വാസം നൽകുന്ന റിസ്ക് ഫണ്ട് പദ്ധതിയിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ; | (എ) | റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതിന് വിവിധ സഹകരണ സംഘങ്ങളിൽ നിന്നും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് ലഭ്യമായിട്ടുള്ള അപേക്ഷകളിൽ ചില ജില്ലകളിന്മേലുള്ളത് തീരുമാനം എടുക്കുന്നതിനായി കുടിശ്ശികയുണ്ട്.<br><br>വർദ്ധിച്ച വരുന്ന അപേക്ഷകളുടെ ബാഹുല്യം കാരണവും, അതാത് സംഘം/ബാങ്കുകളിൽ നിന്നും കൃത്യമായ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാലും അപേക്ഷകളിൽ ഉണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ച് വരുന്നതിന് താമസം വരികയും ചെയ്യുന്നത് മൂലവും, ഏഴ് ജില്ലകളിലെ അപേക്ഷകൾ കൈകാര്യം ചെയ്ത് വരുന്ന തൃശ്ശൂർ റീജിയണൽ ആഫീസിന്റെ കീഴിൽ വരുന്ന ചില ജില്ലകളിൽ നിന്നും ലഭ്യമായ ഫയലുകളിൽ 6 മാസം വരെയുള്ള ഫയലുകളിൽ തീർപ്പ് കല്പിക്കാൻ ബാക്കി നിൽപ്പുണ്ട്. ബോർഡിന്റെ മൂന്ന് ആഫീസുകളിലും ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത്, ആയതിന് ഒരു പ്രധാന ഘടകമാണ്. റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കഴിയുന്നത്ര വേഗത്തിൽ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ച് വരുന്നുണ്ട്. അതാത് സംഘം/ബാങ്കുകളിൽ നിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ഉണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ചു വരുന്ന മുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യം അനുവദിക്കുകയുമാണ് ചെയ്യുന്നത്. |
| (ബി) | പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷ നൽകുന്നതിന് ആറ് മാസം മുൻപ് വരെയുള്ള കാലയളവിൽ കുടിശ്ശിക വരരുതെന്ന നിബന്ധന ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് പരിഗണിക്കുമോ? | (ബി) | മരണപ്പെടുന്ന വായ്പക്കാർക്ക് ആനുകൂല്യം ലഭിക്കുന്നതിന് വായ്പക്കാരൻ മരണപ്പെടുന്ന തീയതിയ്ക്ക് തൊട്ട് മുമ്പ് വായ്പയിൽ 6 മാസത്തിൽ അധികരിച്ച് കുടിശ്ശിക പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് സംഘങ്ങളിലെ കുടിശ്ശിക ശതമാനം കുറക്കുന്നതിന് കൂടി വേണ്ടിയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. മാരക രോഗം പിടിപെടുന്ന വായ്പക്കാർക്ക് ചികിത്സ സഹായത്തിന് കുടിശ്ശിക ബാധകമാക്കിയിട്ടില്ല. ഈ വ്യവസ്ഥ ഒഴിവാക്കുന്ന വിഷയം നിലവിൽ പരിഗണനയിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**